നം.ഐസിഡിഎസ്/എ6-7182/2021

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി:26.04.2021.
ഇ-മെയിൽdirectorate.wcd@kerala.gov
ഫോൺ നം.0471-2346534

വനിത ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ആഫീസർമാർക്കും
എല്ലാ ജില്ലാ ശിശു സംരക്ഷണ ആഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ആഫീസർമാർക്കും

സർ

വിഷയം:- വനിത ശിശുവികസന വകുപ്പ്-സൈക്കോ സോഷ്യൽ സർവീസ് പദ്ധതി- ഏപ്രിൽ,മെയ് മാസങ്ങളിൽ സ്കൂൾ കൗൺസിലർമാരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും സംബന്ധിച്ച്

സൂചന:- ഈ കാര്യാലയത്തിലെ 26.09.2018 തീയതിയിലെ ICDS/A6-17450/18 നം പരിപത്രം

സംസ്ഥാനത്തെ സൈക്കോ സോഷ്യൽ സർവീസ് പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന സ്കൂൾ കൗൺസിലർമാരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും സൂചന പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.എന്നാൽ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ അങ്കണവാടികൾ വഴിയുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും പുനരാരംഭിക്കാത്ത സാഹചര്യത്തിൽ സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും ചുവടെ ചേർക്കും പ്രകാരം ക്രമീകരിക്കുന്നു.

1) കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പൊതു പരീക്ഷ അഭിമുഖീകരിക്കുന്ന കുട്ടികൾക്ക് അവരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും, ഉത്കണ്ഠ ഒഴിവാക്കുന്നതിനും ആവശ്യമായ കൗൺസലിംഗ് നടത്തേണ്ടതാണ്.
2) ഏപ്രിൽ അവസാനത്തോടെ പരീക്ഷകൾ തീരുന്ന സാഹചര്യത്തിൽ അങ്കണവാടികൾ കേന്ദ്രീകരിച്ച് കൗൺസിലിംഗ് ആവശ്യമായ കുട്ടികൾക്കും, അവരുടെ രക്ഷകർത്താക്കൾക്കും കൗൺസലിംഗ് സേവനങ്ങൾ നൽകേണ്ടതും, ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കേണ്ടതുമാണ്
3) ഇതിനായി സിഡിപിഒ, സൂപ്പർവൈസർ, കൗൺസിലർമാർ എന്നിവർ ചേർന്ന് ആക്ഷൻ പ്ലാൻ തയ്യാറാക്കി ആ വിവരം അങ്കണവാടി പ്രവർത്തകരെ മുൻകൂട്ടി അറിയിക്കേണ്ടതും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.
4) Vulnerable family കൾ കൂടുതലുള്ള പ്രദേശങ്ങളിലെ അങ്കണവാടികൾക്ക് മുൻതൂക്കം നൽകി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും,പോക്സോ കേസുകൾ കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും ജില്ലാ ശിശുസംരക്ഷണ ആഫീസർമാർ/ സിഡിപിഒ/സൂപ്പർവൈസർമാർ നേതൃത്വം നൽകേണ്ടതുമാണ്.

5) ..പാരന്റിംഗ് ക്ലിനിക്കുകളിൽ നിയോഗിച്ചിരുക്കുന്ന കൗൺസിലർമാർ മറ്റ് കൗൺസിലർമാരുടെ സഹായത്തോടെ കൗൺസിലിംഗ് സേവനം ആവശ്യമുള്ള രക്ഷകർത്താക്കൾക്കായി ഗ്രൂപ്പ് കൗൺസലിംഗ് സെഷൻസ്,ബോധവൽകരണ

ക്ലാസുകൾ എന്നിവ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തേണ്ടതാണ്.ഇതിനായി സിഡിപിഒമാർ മൂന്ന് കൗൺസിലർമാരെ വീതം ഗ്രൂപ്പുകളായി തിരിച്ച് കലണ്ടർ തയ്യാറാക്കി നൽകേണ്ടതാണ്. **ജില്ലാ ശിശു സംരക്ഷണ ആഫീസർമാർ ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കണം.**

6) പാരന്റിംഗ് ക്ലിനിക്കുകൾ വഴി സേവനം ലഭ്യമായ രക്ഷിതാക്കളെയും,കുട്ടികളെയും റഫർ ചെയ്തിട്ടുണ്ടെങ്കിൽ അവരെ follow up ചെയ്യുന്നതിനുള്ള നിർദ്ദേശം ശിശു വികസന പദ്ധതി ആഫീസർമാർ കൗൺസിലർമാർക്ക് നൽകേണ്ടതാണ്.

7) **.ശിശുവികസന പദ്ധതി ആഫീസർമാർ പ്രോജക്ട് തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വനിത ശിശുവികസന ആഫീസർമാർക്കും, ജില്ലാ ശിശു സംരക്ഷണ ആഫീസർമാർക്കും നൽകേണ്ടതാണ്. സിഡിപിഒമാർ ആക്ഷൻ പ്ലാൻ പ്രകാരം** കൗൺസിലർമാരുടെ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്ത് പ്രോജക്ട്തല റിപ്പോർട്ട് **ജില്ലാ ശിശു സംരക്ഷണ ആഫീസർമാർക്ക്** നൽകേണ്ടതും. ജില്ലാ ശിശു സംരക്ഷണ ആഫീസർമാർ അതാത് ജില്ലയിലെ കൗൺസിലിംഗ് പ്രവർത്തനങ്ങൾ പരിശോധിക്കുകയും ആയതിന്റെ റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്

8) സ്കൂൾ കുട്ടികൾക്കിടയിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗം പ്രതിരോധിക്കുന്നതിനും, ലഹരിവസ്തുക്കൾക്ക് അടിമപ്പെട്ടവരെ അതിൽ നിന്ന് മുക്തരാക്കുന്നതിനുമായി 'പ്രോജക്ട് വേണ്ട' യുടെ ആഭിമുഖ്യത്തിൽ **ഏപ്രിൽ,മെയ് മാസങ്ങളിൽ 2 ബാച്ചുകളിലായി വകുപ്പ് സംഘടിപ്പിക്കുന്ന ഓൺലൈൻ പരിശീലന** പരിപാടിയിൽ TOT മാരായി തെരഞ്ഞെടുക്കുന്ന കൗൺസിലർമാർ പങ്കെടുക്കേണ്ടതാണ്.

9) **ചെൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് സ്കൂൾ കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.**

10) **വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ താമസക്കാർക്ക് അടിയന്തിരഘട്ടങ്ങളിൽ ആവശ്യമായ കൗൺസലിംഗ് സേവനം നൽകുന്നതിന് ജില്ല വനിത ശിശുവികസന ആഫീസർമാർ,ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ എന്നിവരുടെ നിർദ്ദേശാനുസരണം .ശിശുവികസന പദ്ധതി ആഫീസർമാർ സ്കൂൾ കൗൺസിലർമാരെ നിയോഗിക്കേണ്ടതാണ്.**

11) ഇവ കൂടാതെ കോവിഡ്-19 ന്റെ ഭാഗമായി ജില്ലാ ഭരണകൂടം/DMHP നിശ്ചയിക്കുന്ന ജോലികൾ കൂടി പൂർത്തികരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി

**SOPHY JACOB**
**PEN 457974**
**Assistant Director**
**Women and Child Development Department**
**Thiruvananthapuram - 695 012**